പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3752 23.08.2017 ൽ മറുപടിയ്ക്ക്

## കുട്ടികളിലെ കായികക്ഷമത വളർത്താനുതകുന്ന തരത്തിലുള്ള നയപരിപാടികൾ

ചോദ്യം
ശ്രീ.സി.കൃഷ്ണൻ

മറുപടി
ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്സും
യുവജനകാര്യവും വകുപ്പ് മന്ത്രി

| | |
|---|---|
| കുട്ടികളിലെ കായികക്ഷമത കുറഞ്ഞു വരുന്ന സാഹചര്യത്തിൽ, എൽ.പി., യു.പി. ക്ലാസ്സുകളിൽ നിന്ന് കായികക്ഷമതയുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് ആവശ്യമായ പരിശീലനം നൽകി രാജ്യാന്തര മത്സരങ്ങളിൽ പങ്കെടുക്കാൻ വിധം ദീർഘവീക്ഷണ ത്തോടെയുള്ള നയ പരിപാടികൾ കായിക വകുപ്പിന്റെ പരിഗണനയിൽ ഉണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | പരിഗണനയിലുണ്ട്. പ്രൈമറി സ്കൂൾ തലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിലേർപ്പെടുത്തുവാൻ അതാത് സ്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുക വഴി കേരളത്തിലെ സ്കൂൾ കുട്ടികളെ കായികക്ഷമതയുള്ളവരാക്കാനും സ്കൂളുകളെ അടിസ്ഥാന കായിക പരിശീലന കളരികളാക്കാനും ലക്ഷ്യമാക്കി പ്ലേ ഫോർ ഹെൽത്ത് എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ കേരളത്തിലെ എൽ.പി., യു.പി ക്ലാസ്സുകളിലെ കുട്ടികൾ ഉൾപ്പെടെയുള്ള വിദ്യാർത്ഥികളിൽ കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് വിദ്യാഭ്യാസ, തദ്ദേശസ്വയംഭരണ, ആരോഗ്യ വകുപ്പുകളുടെ സഹകരണത്തോടു കൂടി കായികക്ഷമതാ മിഷൻ എന്ന പദ്ധതിയും ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ